# കേരളസർവകലാശാല

നം.പി.ആർ.42/2021

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബി. എഡ് പ്രവേശനം – 2020**
**ജനറൽ/മറ്റ് സംവരണ വിഭാഗക്കാർക്ക് ബസേലിയസ് മാർത്തോമാ മാത്യൂസ് II ട്രെയിനിങ് കോളേജിൽ സ്പോട്ട് അലോട്ട്മെന്റ് – ഫെബ്രുവരി 20 – ന്**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ബസേലിയസ് മാർത്തോമാ മാത്യൂസ് II ട്രെയിനിങ് കോളേജിൽ ഒന്നാം വർഷ ബി.എഡ്. കോഴ്സിലേക്ക് അധികമായി അനുവദിച്ച 25 സീറ്റുകളിലേക്ക് ജനറൽ / മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ് ഫെബ്രുവരി 20 – ന് കോളേജ് തലത്തിൽ നടത്തുന്നു.

ബി.എഡ്. ഇംഗ്ലീഷ്, മലയാളം, മാത്തമാറ്റിക്സ്, സോഷ്യൽസയൻസ്, നാച്ചുറൽസയൻസ്, ഫിസിക്കൽസയൻസ് എന്നീ വിഷയങ്ങൾക്കാണ് സ്പോട്ട്അലോട്ട്മെന്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ടും അഡ്മിഷൻ ഫീസും (SC/ST – Rs. 230/- മറ്റുള്ളവർക്ക് – Rs. 1130/-) നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. നിലവിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളെ മാത്രമാണ് സ്പോട്ട് അഡ്മിഷനു പരിഗണിക്കുന്നത്. കോളേജ് ട്രാൻസ്ഫർ/ കോഴ്സ് ട്രാൻസ്ഫർ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in)പ്രസിദ്ധീകരിക്കുന്നതാണ്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്. വിദ്യാർത്ഥികൾ 10 മണിക്ക് തന്നെ കോളേജിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല ഫെബ്രുവരി 25 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (എസ്.ഡി.ഇ.) ഡിഗ്രിയുടെ Library classification and cataloguing (LISB43) തിയറി പരീക്ഷ ഫെബ്രുവരി 26 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. എസ്.ഡി.ഇ. കാര്യവട്ടമാണ് പരീക്ഷാകേന്ദ്രം.

കേരളസർവകലാശാല ഫെബ്രുവരി 25 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പരീക്ഷ ഫെബ്രുവരി 26 ലെക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## പരീക്ഷാഫീസ്

കേരളസർവകലാശാല ഏപ്രിൽ 8 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) എൽ.എൽ.ബി. പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 24 വരെയും 150 രൂപ പിഴയോടെ മാർച്ച് 1

വരെയും 400 രൂപ പിഴയോടെ മാർച്ച് 3 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല മാർച്ചിൽ നടത്തുന്ന ബി.എ./ബി.എ. അഫ്സൽ ഉൽ ഉലാമ ആന്വൽ സ്കീം പ്രൈവറ്റ്/വിദൂരവിദ്യാഭ്യാസം മൂന്നാം വർഷം റീ-രജിസ്ട്രേഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് പിഴകൂടാതെ മാർച്ച് 3 വരെയും 150 രൂപ പിഴയോടെ മാർച്ച് 8 വരെയും 400 രൂപ പിഴയോടെ മാർച്ച് 12 വരെയും ഫീസടയ്ക്കാം.

## സീറ്റ് ഒഴിവ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ എം.ഫിൽ 2020 – 2021 ബാച്ചിലേക്കുള്ള പ്രവേശനത്തിന് ബോട്ടണി, ഇക്കണോമിക്സ്, ഹിന്ദി, മലയാളം വകുപ്പുകളിൽ ഓരോ എസ്.റ്റി. സീറ്റ് ഒഴിവുണ്ട്. സംസ്കൃത കോളേജിൽ സംസ്കൃതം എം.ഫിൽ. കോഴ്സിനും ഒരു എസ്.റ്റി. സീറ്റ് ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി 22 ന് 10 മണിക്ക് അതത് കോളേജിലെ വകുപ്പദ്ധ്യക്ഷന്മാരുടെ മുന്നിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് (2014 – 2016 അഡ്മിഷൻ – സപ്ലിമെന്ററി), ബി.എം.എസ്. ഹോട്ടൽ മാനേജ്മെന്റ് (2018 അഡ്മിഷൻ – റെഗുലർ/2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്) എന്നീ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 1 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 1 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വിദൂരവിദ്യാഭ്യാസവിഭാഗം – ഫെബ്രുവരി 20 ന് ക്ലാസില്ല

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം ഒന്നാം സെമസ്റ്റർ യു.ജി പ്രോഗ്രാമുകളുടെ ഓൺലൈൻ ക്ലാസുകൾ ഫെബ്രുവരി 20 (ശനിയാഴ്ച) ഉണ്ടായിരിക്കുന്നതല്ല. മറ്റ് ദിവസങ്ങളിലെ ക്ലാസുകൾക്ക് മാറ്റമില്ല.

സെക്ഷൻ ഓഫീസർ
പബ്ലിക് റിലേഷൻസ് വിഭാഗം

തിരുവനന്തപുരം.
18.02.2021